| | | |
|---|---|---|
| സെമസ്റ്റർ | : | V |
| കോഴ്സ് കോഡ് | : | ML 1551.1 |
| ഓപ്പൺ കോഴ്സ് | : | I |
| സമയക്രമം | : | ആഴ്ചയിൽ 3 മണിക്കൂർ<br>(18 ആഴ്ചയിൽ 54 മണിക്കൂർ) |
| ക്രെഡിറ്റ് | : | 2 |

# കേരളീയ കലകൾ

കലകളുടെ വിശാലമായ സൗന്ദര്യലോകത്തേക്ക് വിദ്യാർത്ഥികളെ ആനയിക്കുകയും അവരുടെ കലാവാസനകൾക്ക് ഉന്മേഷവും പ്രേരണയുമുണ്ടാക്കുകയും കലാസ്വാദനത്തിലൂടെ മാനസികമായ വികാസം സാധ്യമാക്കുകയും ചെയ്യുകയെന്നതാണ് ഈ കോഴ്സിന്റെ പ്രാഥമികോദ്ദേശ്യം. കേരളീയകലകളുടെ പൊതു അവലോകനത്തിലൂടെ അവയുടെ ഉള്ളിലേക്കിറങ്ങിക്കൊണ്ട് കേരളത്തിന്റെ കലാചരിത്രവും സംസ്കാരവും മനസ്സിലാക്കാനും വാക്കും വസ്തുവും ശരീരവും സമന്വയിക്കുന്ന കേരളീയഭാവനയുടെ ഔന്നത്യം തിരിച്ചറിയാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതിനാണ് ഊന്നൽ നല്കേണ്ടത്. അസൈൻമെന്റിന് ഏതെങ്കിലും കലാരൂപത്തിന്റെ അവതരണം നേരിൽക്കണ്ട് വിവരണം നല്കുന്നതിനും പ്രേരിപ്പിക്കാവുന്നതാണ്. കേരളീയ കലകളുടെ വൈവിധ്യത്തിൽ നിന്ന് പ്രധാനപ്പെട്ടവയെ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തിലാണ് പേരുകൾ പരാമർശിക്കുന്നത്.

### പഠന ഫലപ്രാപ്തി

1. കേരളീയ കലകളുടെ സൗന്ദര്യലോകത്തേയ്ക്ക് എത്തിച്ചേരുകയും ആസ്വാദനശേഷി വർദ്ധിക്കുകയും ചെയ്യുന്നു.
2. സ്വന്തം കലാവാസനകൾ ഉണരുകയും കലാപരവും മാനസികവുമായ വികാസം നേടാൻ സാധിക്കുകയും ചെയ്യുന്നു.
3. കേരളത്തിന്റെ കലാപാരമ്പര്യവും അവയുടെ വികാസ പരിണാമങ്ങളും ഉൾക്കൊള്ളാൻ കഴിയുന്നു
4. ഓരോ കലയുടെയും തനിമയും പ്രാധാന്യവും വിലയിരുത്തുന്നു.
5. അനുഷ്ഠാനം, ആഘോഷം, വിനോദം, ഉത്സവം തുടങ്ങിയവയുമായി ബന്ധപ്പെട്ട് കലകൾ വഹിക്കുന്ന സാമൂഹികദൗത്യം തിരിച്ചറിയുന്നു.

## മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

### പഠനഫലപ്രാപ്തി

1. കലകളുടെ പ്രസക്തിയും സാമൂഹിക ദൗത്യവും തിരിച്ചറിയാൻ കഴിയുന്നു.
2. കലകളുടെ ഉല്പത്തിയെക്കുറിച്ചും പരിണാമങ്ങളെക്കുറിച്ചും വിമർശന ബുദ്ധിയോടെ ചിന്തിക്കുന്നു.

കലയുടെ നിർവചനങ്ങൾ-സാമൂഹിക ജീവിതത്തിൽ കലകൾക്കുള്ള സ്ഥാനം-ഓരോ കലയുടെയും വ്യക്തിത്വവും സൗന്ദര്യവും-കലകളുടെ ചരിത്രം-കലകളുടെ വിഭജനം-സൗന്ദര്യകലകൾ, സോപയോഗ (പ്രയോജന) കലകൾ-അനുഷ്ഠാനകലകൾ-ക്ലാസിക് കലകൾ-നാടോടി കലകൾ-ദൃശ്യകലകളും ശ്രാവ്യകലകളും-കലകളുടെ വികാസ പരിണാമങ്ങൾ

## മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)

### പഠനഫലപ്രാപ്തി

1. കേരളീയ കലകളുടെ വൈവിധ്യം തിരിച്ചറിയുന്നു.
2. ആസ്വാദനശേഷിയും കലാവാസനയും വർദ്ധിക്കുന്നു.

കേരളീയ കലകളുടെ വൈവിധ്യം-നാടൻ, വംശീയ, ആദിവാസി കലകൾ-സർപ്പം പാട്ട് തോറ്റംപാട്ട്, ഓണപ്പാട്ട്, വിൽപ്പാട്ട്, താരാട്ട് പാട്ട്, കൃഷിപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, മുടിയാട്ടം, തുമ്പി തുള്ളൽ, ചാറ്റ് പാട്ട്, ഗദ്ദിക, കോൽക്കളി, ദഫ് മുട്ട്, മാപ്പിളപ്പാട്ട് എന്നിവയുടെ സാമാന്യ പരിചയം. ശാസ്ത്രീയ സംഗീത രംഗത്ത് കേരളത്തിന്റെ സംഭാവനകൾ-ഇരയിമ്മൻതമ്പി, സ്വാതിതിരുനാൾ-നാടകത്തിലും സിനിമയിലും ഇതര കലകൾക്കുള്ള സ്ഥാനം.

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

### പഠനഫലപ്രാപ്തി

1. ക്ലാസിക് കലയും നാടോടിക്കലയും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ മനസ്സിലാക്കുന്നു.
2. കഥകളിയുടെയും തുള്ളലിന്റെയും ചരിത്രവും കേരളീയ കലകളിൽ അവയ്ക്കുള്ള സ്ഥാനവും തിരിച്ചറിയുന്നു.
3. വ്യത്യസ്ത കലകളുടെ സമന്വയത്തിലൂടെ സംസ്കാരത്തിനുണ്ടാകുന്ന നേട്ടങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു.

കേരളത്തിന്റെ ക്ലാസിക് കലാപാരമ്പര്യം-അരങ്ങും അഭിനയവും-നാട്യശാസ്ത്രത്തിന്റെ സ്വാധീനം-നാട്യധർമ്മി, ലോകധർമ്മി-പ്രേക്ഷകന്റെ സ്ഥാനം-രസാവിഷ്കാരം-കഥകളിയുടെ ചരിത്രം-തുള്ളലും ജനകീയതയും-വ്യത്യസ്ത നൃത്ത സമ്പ്രദായങ്ങൾ, വേഷവിധാനങ്ങൾ -മോഹിനിയാട്ടം, ഒപ്പന, മാർഗ്ഗംകളി, നാടോടിനൃത്തം, തിരുവാതിരക്കളി എന്നിവയുടെ സാമാന്യപരിചയം. അഭിനയ കലകളുടെ സവിശേഷതകൾ-കാക്കാരിശ്ശിനാടകം, പൊറാട്ടുനാടകം, ചവിട്ടുനാടകം, തെയ്യം, മുടിയേറ്റ്, ചാക്യാർകൂത്ത്, കൂടിയാട്ടം, പടയണി, തോല്പ്പാവക്കൂത്ത് എന്നിവയുടെ അവതരണ വിശേഷങ്ങൾ സാമാന്യപഠനം-കേരളീയ വാദ്യകലകളും സംഗീതോപകരണങ്ങളും-തുകൽ, തന്ത്രി, സുഷിരഘനവാദ്യങ്ങൾ-പഞ്ചവാദ്യം, തായമ്പക എന്നിവയുടെ പ്രത്യേകതകൾ-ശിങ്കാരിമേളത്തിന്റെ ദൃശ്യ-ശ്രാവ്യ ഘടകങ്ങൾ-ഉത്സവങ്ങളിലും വിനോദങ്ങളിലും അനുഷ്ഠാനങ്ങളിലും കലകൾക്കുള്ള സ്ഥാനം.

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

### പഠനഫലപ്രാപ്തി

1. കേരള സംസ്കാരത്തിൽ കലകൾക്കുള്ള സ്ഥാനം മനസ്സിലാക്കുകയും അതിനെപ്പറ്റി സ്വന്തമായ നിരീക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു.
2. അഭിരുചിയ്ക്കനുസരിച്ച് കലാപരിശീലനത്തിനും പ്രയോഗത്തിനും പ്രേരണയുണ്ടാകുന്നു.

വചനകലകളുടെ സാമാന്യവിവരങ്ങൾ-പാഠകം, ഹരികഥ, കഥാപ്രസംഗം എന്നിവ-ചിത്രകലാരംഗത്തെ കേരളീയ പാരമ്പര്യം-ഗുഹാചിത്രങ്ങൾ, ചുവർ ചിത്രങ്ങൾ, ആധുനിക ചിത്രകല, മുഖത്തെഴുത്ത്, കളമെഴുത്ത്, ചമയം-കേരളീയരായ ചിത്രകാരന്മാർ-രാജാരവിവർമ്മ, കെ. സി.എസ്സ്.പണിക്കർ, എം.വി.ദേവൻ-നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ-ശില്പകല, ശില്പകലാമാധ്യമങ്ങൾ-കാനായികുഞ്ഞിരാമന്റെ പ്രസിദ്ധ ശില്പങ്ങൾ, മറ്റു പ്രമുഖ ശില്പികൾ -കേ

രളീയ വാസ്തുവിദ്യാരീതികൾ-ആയോധന കലകളും കേരളത്തിന്റെ സംസ്കാരവും-തെക്കൻ, വടക്കൻ-കളരി സമ്പ്രദായങ്ങൾ-വീരാപദാനപ്രധാനമായ വടക്കൻ പാട്ടുകൾ-സർക്കസ്സിന്റെ കലാപരമായ പ്രത്യേകതകൾ-ഫോട്ടോഗ്രാഫിയും വിഷ്വൽ ഗ്രാഫിക്സും.

**സഹായ ഗ്രന്ഥങ്ങൾ**


1. അനുഷ്ഠാന കല : രംഗാവതരണങ്ങളും ഫോക്‌ലോറും-ബി.രവികുമാർ
2. ആര്യ-ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലകളിൽ-കെ.കെ.എൻ.കുറുപ്പ്
3. ഇശലുകളുടെ ഉദ്യാനം - ഉമ്മർ തറമേൽ (എഡി:)
4. കഥകളി രംഗം - കെ.പി.എസ്.മേനോൻ
5. കഥകളി വിജ്ഞാന കോശം - അയ്മനം കൃഷ്ണക്കൈമൾ
6. കാക്കാരിശ്ശി നാടകം - ജി.ഭാർഗവൻപിള്ള
7. നാട്ടരങ്ങ് - ജി.ഭാർഗവൻപിള്ള
8. കൂത്തും കൂടിയാട്ടവും - അമ്മാമൻ തമ്പുരാൻ
9. കുഞ്ചൻ നമ്പ്യാർ : വാക്കും സമൂഹവും - കെ.എൻ.ഗണേഷ്
10. കേരളത്തിലെ ചുവർ ചിത്രങ്ങൾ - എം.ജി.ശശിഭൂഷൻ
11. കേരളത്തിലെ താളമേളങ്ങൾ - വി.അരവിന്ദാക്ഷൻ (എഡി:)
12. ഫോക്‌ലോർ പഠനങ്ങൾ - പി.കെ.ശിവശങ്കരപ്പിള്ള
13. കേരളത്തിലെ നാടൻ കലകൾ - ഡോ.ഏ.കെ.നമ്പ്യാർ
14. കേരളത്തിലെ നാടൻ സംഗീതം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
15. കേരളത്തിലെ നാടോടി നാടകങ്ങൾ - ഡോ.എസ്സ്.കെ.നായർ
16. കേരളത്തിലെ സംഗീതോപകരണങ്ങൾ - രവിവർമ്മ, ഡോ.സനൽകുമാർ തമ്പുരാൻ
17. ഗോത്രകലാ വടിവുകൾ - ഡോ. സി.ആർ.രാജഗോപാലൻ
18. ചവിട്ടുനാടകം - സെബീനാറാഫി
19. ചൂട്ടുപടയണി - ഡോ.ബി.രവികുമാർ
20. തുള്ളൽ ദൃശ്യവേദിയിൽ - അയ്മനം കൃഷണക്കൈമൾ
21. തെയ്യം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
22. തോറ്റംപാട്ടുകൾ-ഒരു പഠനം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
23. പടേനി - കടമ്മനിട്ട വാസുദേവൻപിള്ള
24. പുള്ളുവൻ പാട്ടും നാഗാരാധനയും - എം.വി.വിഷ്ണുനമ്പൂതിരി
25. ഫോക്‌ലോർ - രാഘവൻ പയ്യനാട്
26. കേരള ഫോക്‌ലോർ - (എഡി.) രാഘവൻ പയ്യനാട്
27. ഫോക്‌ലോർ നിഘണ്ടു - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
28. മാപ്പിളക്കലകൾ - ഒ.എം.കരുവാരക്കുണ്ട് (എഡി:)
29. മാപ്പിളപ്പാട്ടിന്റെ ലോകം - വി.എം.കുട്ടി
30. മുടിയേറ്റ് - ചുമ്മാർ ചൂണ്ടൽ
31. വാസ്തുശാസ്ത്രം ഒരു സമഗ്രപഠനം - ഡോ.പി.വി.ഔസേപ്പ്
32. മോഹിനിയാട്ടം ചരിത്രവും ആട്ടപ്രകാരവും - കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ

33. ദക്ഷിണേന്ത്യൻ സംഗീതം ഒന്നും രണ്ടും ഭാഗങ്ങൾ - എം.കെ.രവീന്ദ്രനാഥ്
34. ഐവർനാടകം - ചുമ്മാർ ചൂണ്ടൽ
35. തോല്പ്പാവക്കൂത്ത് - പി.ജി.പട്ടാമ്പി
36. കലാലോകം - കെ.പി.നാരായണപ്പിഷാരടി
37. കേരളത്തിലെ ദൃശ്യകലകൾ - ഡോ.കവടിയാർ രാമചന്ദ്രൻ
38. കേരളത്തിലെ ആദിവാസി കലാപാരമ്പര്യം - ഡോ.(സിസ്റ്റർ) സീലിയാ തോമസ്. പി
39. ആട്ടക്കഥാസാഹിത്യം - പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ
40. കേരളീയ കലാനിഘണ്ടു - ഡോ.ശശിധരൻ ക്ലാരി
41. മേളകല - പി.എസ്.വാര്യർ
42. നാട്ടുസംഗീതം - (എഡി.) ഡോ.സി.ആർ.രാജഗോപാലൻ
43. കേരള ഭാഷാ ഗാനങ്ങൾ - (എഡി.) കേരളസാഹിത്യ അക്കാദമി
44. നാട്ടറിവുപാട്ടുകൾ - (എഡി.) ഡോ.സി.ആർ.രാജഗോപാലൻ
45. മാപ്പിള രാമായണവും നാടൻപാട്ടുകളും - ടി.എച്ച്.കുഞ്ഞിരാമൻ